ഉത്തരമില്ല.

മിസ്റ്റർ ഒ. ടി. ഇനാശു: ഇതിൽ കാണിച്ചിട്ടുള്ള ചിലവിൽ അതിന്ന് ആവശ്യമായഎല്ലാ സ്റ്റാഫിനേറയും ശമ്പളം ഉൾപ്പെട്ടിട്ടുണ്ടോ?

മിസ്റ്റർ കെ. അയ്യപ്പൻ: ഉണ്ട്.

മിസ്റ്റർ മുഹമ്മദ്അയൂബ് സേട്ട്: ബോട്ടിനുള്ള ചോക്ക്യെസ്സുംബന്ധിച്ച് കാര്യങ്ങൾ..

മിസ്റ്റർ പ്രസിഡണ്ട്: ഈ ചോദ്യം വരവു ചിലവിന്റെ കാര്യത്തിൽ ഉൾപ്പെടുന്നില്ല.

മിസ്റ്റർ എം. ഐ. പോൾ: ലാൻഡിംഗ് ക്രാഫ്ട് ഇവിടെയല്ലാതെ വേറെ വല്ലയിടത്തും ഓടുന്നുണ്ടോ?

മിസ്റ്റർ കെ. അയ്യപ്പൻ: കൃത്യമായി പറയുവാൻ നോട്ടിസ് വേണം.

മിസ്റ്റർ എം. ഐ. പോൾ: ഇതിൽ ഫെറി ബോട്ട് ഓടുന്നസ്ഥലങ്ങളായി എറണാകുളം–മട്ടാഞ്ചേരി, ഫാർബർ–മട്ടാഞ്ചേരി, എറണാകുളം–വെണ്ടുരുത്തി, എറണാകുളം—കസ്റ്റംസ് എന്നൊക്കെ കാണിച്ചിട്ടുണ്ട്. ഈ ലൈനുകൾ വിട്ട് വേറെ വല്ലയിടത്തും ലാൻഡിംഗ് ക്രാഫ്ട് ഓടുന്നുണ്ടോ?

മിസ്റ്റർ പ്രസിഡണ്ട്: ഇതും വരവു ചിലവുമായിട്ടെന്താണ് ബന്ധം? That Question does not arise.

മിസ്റ്റർ കെ. അയ്യപ്പൻ: അതു് ഓടിക്കാറില്ല.

മിസ്റ്റർ ടി. പി. സീതാരാമൻ: ലാൻഡിംഗ്ക്രാഫ്ട് വിലക്കുന്നതിന്ന് ടെൻഡർ കാൾ ഷോർ (call for)ചെയ്തിട്ടുണ്ടോ?

മിസ്റ്റർ കെ. അയ്യപ്പൻ: ഉണ്ട്.

AYURVEDA HOSPITAL AT AZHICODE—NUMBER OF HONY. VISITORS' MEETINGS HELD, ETC.

167. (227) മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവൺമെണ്ട് സദയം മറുപടി പറയുമോ —

(എ) അഴീക്കോട് ആയുർവ്വേദാശുപത്രിയുടെ സന്ദർശകബോർഡ് ഈ കഴിഞ്ഞ രണ്ടു കൊല്ലത്തിന്നിടുറം എത്ര യോഗങ്ങൾ കൂടീട്ടുണ്ട്;

(ബി) എത്ര ശുപാർശകൾ പാസ്സാക്കി അയച്ചിട്ടുണ്ട്, അതിൽ എതൊക്കെ സ്വീകരിച്ചു?

മിസ്റ്റർ സി. എ. ഔസേപ്പ്:

(എ) ഒന്ന്.

(ബി) അഞ്ചു്. ആശുപത്രി പുതിയ കെട്ടിടത്തിലേക്ക് മാറ്റുന്നതിന്നും, അസിസ്റ്റന്റ് വൈദ്യനെ നിശ്ചയിക്കുന്നതിന്നുമുള്ള ശുപാർശകൾ സ്വീകരിച്ചിട്ടുണ്ട്. ശേഷം ആലോചനയിൽ ഇരിക്കുന്നു.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ: ആലോചനയിലിരിക്കുന്ന സംഗതികൾ എന്നാണ് തീരുമാനിക്കുക?

മിസ്റ്റർ സി. എ. ഔസേപ്പ്: ആലോചനയിലിരിക്കുന്ന സംഗതികൾ സന്ദർശകന്മാരുടെ അടുത്തയോഗം വന്നുകഴിഞ്ഞാൽ തീരുമാനിക്കുന്നതാണ്.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ: ആ സംഗതികൾ എന്താണെന്ന പറയാമോ?

മിസ്റ്റർ സി. എ. ഔസേപ്പ്: അതു എന്താണെന്നു പറയാം. ക. ക്ലർക്കിനെ മാറ്റുന്നു സ്വൈപ്പ് ചെയ്യുവാനും, ഖ. ഒരു അസിസ്റ്റന്റ് വൈദ്യനെ വച്ചുകൊടുക്കുവാനും ഒരു കമ്പോണ്ടറെ മാറ്റി അയക്കാനും, ന. ഒരു പെറിയ തോട്ടം ഉണ്ടാക്കാനുമാണ്.

മിസ്റ്റർ ടി. പി. സീതാരാമൻ: രണ്ടു കൊല്ലത്തിനിടക്ക് ഒരു യോഗം കൂടിയാൽ പോര എന്നു തോന്നുന്നില്ലെ?

മിസ്റ്റർ സി. എ. ഔസേപ്പ്: പോര എന്നു തോന്നുന്നുണ്ട്.

മിസ്റ്റർ ടി. പി. സീതാരാമൻ: പിന്നെ എന്തിനാണ് സന്ദർശക ബോർഡിൽ അത്രയും മെമ്പർമാരെ ഇനിയും വെച്ചുകൊണ്ടിരിക്കുന്നതു്?

മിസ്റ്റർ സി. എ. ഔസേപ്പ്: മെമ്പർമാരെ വേറെ Constitute ചെയ്യുവാൻ നടപടി എടുത്തുവരുന്നുണ്ട്.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: ഇപ്പോൾ ഒരു അസിസ്റ്റന്റ് വൈദ്യനെ നിശ്ചയി

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. Kochukuttan]

ച്ചിട്ടുണ്ടോ?

മിസ്റ്റർ സി. എ. ജോസേപ്പ്: ഇപ്പോൾ നിശ്ചയിച്ചിട്ടില്ല; അടുത്തു നിശ്ചയിക്കുന്നതാണ്.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: അവിടങ്ങളിൽ അധികമാളുകളും തെങ്ങുകയറാക്കാരും കടലിൽ മത്സ്യം പിടിക്കുന്ന വഞ്ചിപ്പണിക്കാരായ തൊഴിലാളികളും ആയതിനാൽ തെങ്ങിന്മേൽനിന്നു വീണും വഞ്ചിയിൽനിന്നു വീണും കൈകാലുകൾക്കു കേടുപറ്റുന്ന സുഖക്കേടുകാർ ആണ് അധികം. അതുകൊണ്ട് അവരുടെ രക്ഷക്കായി ആ വക സുഖക്കേടുകൾ എളുപ്പത്തിൽ ഭേദമാക്കാൻ സാധിക്കുന്നതിനു് ഉഴിച്ചിൽ അറിയാവുന്ന ഒരാളെ അസിസ്റ്റൻറ് വൈദ്യനായി നിയമിക്കാമൊ?

മിസ്റ്റർ സി. എ. ജോസേപ്പ്: അസിസ്റ്റൻറ് വൈദ്യനെ നിയമിക്കുമ്പോൾ ആ കാര്യം നോക്കാം. പക്ഷെ ഉഴിച്ചിലും വൈദ്യവും അറിയാവുന്ന ഒരാളെ എവിടെ നിന്നു കിട്ടാനാണ്?

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: അങ്ങിനെ ഒരു വൈദ്യൻ അവിടെ ഉണ്ടായിരുന്നു. ആ ആളെ ചെറുതുരുത്തിക്കൊ മാറ്റാ മാറ്റുകയാണ് ചെയ്തിട്ടുള്ളതു്. അയാളെ ഇങ്ങോട്ട് മാറ്റിയാൽ മതിയല്ലൊ?

മിസ്റ്റർ സി. എ. ജോസേപ്പ്: ആ കാര്യവും നോക്കാം.

NELLIAMPATHI HILL CULTIVATION—PARTICULARS OF

168. (50) മിസ്റ്റർ കെ. കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവൺമെണ്ടു് സദയം മറുപടി പറയുമോ.—

(എ) ചിറ്റൂർ താലൂക്കിൽ നെല്ലിയാംപതി ഹിൽസിൽ ഗവൺമെണ്ടുവക എത്തെല്ലാം കൃഷികൾ ചെയ്യുവരുന്നുണ്ടു്;

(ബി) മേല്പറഞ്ഞ കൃഷി ഏതു കൊല്ലത്തിലാണ് തുടങ്ങിയതു്;

(സി) ഏതു ഏക്കർ സ്ഥലം കൃഷിചെയ്യുവരുന്നുണ്ടു്;

(ഡി) ആയതിനു് ഇന്നേവരെ ആകെ ചിലവുചെയ്ത സംഖ്യ ഇത്രയെന്നു പറയുവാൻ കഴിയുണ്ടാകുമോ;

(ഇ) മേല്പറഞ്ഞ കൃഷിയിൽനിന്നു് ഇതേവരെ വല്ല സംഖ്യയും ഗവൺമെണ്ടിലേക്കു വരുമ്പടി ഉണ്ടായിട്ടുണ്ടോ?

മിസ്റ്റർ ഇ: ഇക്കണ്ടവാരിയർ:

(എ) മധുരനാരകം, ചെറുനാരകം മുതലായ ഫലവൃക്ഷങ്ങളും, കാപ്പി, ഏലക്കായ.

(ബി) ൧൯൪൯-ാമാണ്ടു് അവസാനത്തിൽ (ഇടവമാസത്തിൽ)

(സി) ൪൭൦ ഏക്കർ.

(ഡി) ൨,൯൫,൭൫൦ രൂ.

(ഇ) ഉവ്വു്. ൭൫,൭൫൦ രൂ.

Mr. P. K. Dewer (*Labour*): One question is left out, Sir.

Mr. President: Yes, we shall take it later on.

മിസ്റ്റർ കെ. കുഞ്ഞിരാമൻമേനോൻ: എന്തെല്ലാം സാധനങ്ങളാണ് പ്രത്യേകമായി വിറ്റിട്ടുള്ളതെന്നു പറയാൻ സാധിക്കുമൊ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: മധുരനാരങ്ങ, ചെറുനാരങ്ങ, മുതലായവ ഉണ്ടായിവില്ക്കേണ്ടകാലമായിട്ടുണ്ടു്. പച്ചക്കറി, പൊട്ടറ്റോസ്സു് മുതലായവ ഉണ്ടായിരുന്നു. അതു വിറ്റതായിരിക്കും.

മിസ്റ്റർ ടി. പി. സീതാരാമൻ: ഈ വരവുകഴിച്ചിട്ടാണൊ ചിലവു കാണിച്ചിട്ടുള്ളതു്?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ആകെയുള്ളതാണു്.

മിസ്റ്റർ കെ. കുഞ്ഞിരാമൻമേനോൻ: എന്തുദ്ദേശത്തോടുകൂടിയാണു് ഈ കൃഷി തുടങ്ങിയതു്?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ഗവൺമെണ്ടിനു് ആദായകരമായിരിക്കും എന്നുദ്ദേശിച്ചാണു്?

മിസ്റ്റർ കെ. കുഞ്ഞിരാമൻമേനോൻ: അതു ഫലമായി വരും എന്നുദ്ദേശിച്ചാണു തുടങ്ങിയതു് എങ്കിലും ഇപ്പോൾ ഗവൺമെണ്ടിനെറ ബോദ്ധ്യം എന്താണു്.

LIBRARY ARCHIVES Kerala Legislative Assembly